# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
## തിരുവനന്തപുരം -695033

വിഷയം : 2020-ലെ പൊതുതിരഞ്ഞെടുപ്പ് -ആനുകൂല്യ വിതരണം - സ്ഥാനാർത്ഥികൾക്കുള്ള നിർദ്ദേശം

നമ്പർ: ബി1/33870/2020/സം.തി.ക

തീയതി: 02.12.2020

## സർക്കുലർ

സ്ഥാനാർത്ഥികളിൽ പലരും തങ്ങളുടെ ജോലിയുടെ ഭാഗമായോ അല്ലാതെയോ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതായുള്ള പരാതി കമ്മീഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ സ്ഥാനാർത്ഥികളായിരിക്കുന്ന ആശാവർക്കർമാർ സർക്കാർ നൽകുന്ന മരുന്നുകളും മറ്റും തങ്ങൾ മത്സരിക്കുന്ന മണ്ഡലത്തിലെ/വാർഡിലെ വോട്ടർമാർ ഉൾപ്പെടെയുള്ളവർക്ക് നേരിട്ട് എത്തിക്കുന്നതായ പരാതിയും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ രണ്ടു പ്രവർത്തികളും വോട്ടർമാരെ സ്വാധീനിക്കുന്ന പ്രവർത്തികൾ ആകാമെന്നതിനാൽ സ്ഥാനാർത്ഥികളായിട്ടുള്ളവർ ജോലിയുടെ ഭാഗമായോ അല്ലാതെയോ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ നിന്നും തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ ഒഴിവാകേണ്ടതാണ്. അതുപോലെ തന്നെ സ്ഥാനാർത്ഥികളായിട്ടുള്ള ആശാവർക്കർമാർ സർക്കാർ നൽകുന്ന മരുന്നും മറ്റ് സാധനങ്ങളും വിതരണം ചെയ്യുന്നതിൽ നിന്നും തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ മാറിനിൽക്കേണ്ടതാണ്. മുകളിൽ പരാമർശിച്ച രണ്ട് ആനുകൂല്യ വിതരണവും മുടങ്ങാതിരിക്കുന്നതിനു വേണ്ടി ഇപ്രകാരം ഒഴിവാകുന്നവർക്ക് പകരം സംവിധാനം അതാത് അധികാരികൾ ഉണ്ടാക്കേണ്ടതാണ്. വരണാധികാരികൾ സ്ഥാനാർത്ഥികളുടെ യോഗം വിളിച്ച് ഇക്കാര്യം അവരെ അറിയിക്കേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ്:-

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും &
ജില്ലാ കളക്ടർമാർക്കും
എല്ലാ വരണാധികാരികൾക്കും
എല്ലാ നോഡൽ ഓഫീസർമാർക്കും
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ
എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ